


കൊച്ചുത്രേസ്യാ ജോയി

# അനധികൃത നിയമനങ്ങൾ സ്ഥിരപ്പെടുത്തി തുടങ്ങി

# ഇനിയും പൂട്ടാത്ത പിൻ വാതിൽ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വെറും നോക്കുകുത്തി

ഇതുവരെ രജിസ്റ്റർ ചെയ്തവർ 25 ലക്ഷം

2021 മുതൽ 2024 വരെ നിയമനങ്ങൾ 14,216 മാത്രം

നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാത്ത സർക്കാർ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സചേഞ്ചുകൾ വഴി മാത്രമേ താത്ക്കാലിക നിയമനങ്ങൾ നടത്താവൂ എന്നാണ് 1959 ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വാക്കൻസി ആക്റ്റിൽ വ്യക്തമാക്കിയിട്ടുള്ളത്. ഈ നിയമത്തിന്റെ പരസ്യമായ ലംഘനമാണ് ഒരു പതിറ്റാണ്ടായി നടന്നു കൊണ്ടിരിക്കുന്നത്. തൊഴിലില്ലാതെ കഷ്ടപ്പെടുന്ന യുവജനങ്ങളുടെ തേങ്ങലുകളും വിങ്ങലുകളും തിരിച്ചറിയാൻ കൂട്ടാക്കാത്ത ഒരു സർക്കാരിന്റെ ഹൃദയ ശൂന്യതയും ധാർഷ്ട്യവുമാണ് ഇതിലൂടെ വെളിവാകുന്നത്.

ഒരു പതിറ്റാണ്ടു കാലത്തിനിടയ്ക്ക് സംസ്ഥാനത്ത് നടന്നത് പതിനായിരകണക്കിന് അനധികൃത നിയമനങ്ങൾ. വ്യവസ്ഥാപിത സംവിധാനങ്ങളെ അട്ടിമറിച്ച് പിൻവാതിലിലൂടെ വേണ്ടപ്പെട്ടവരെ തിരുകി കയറ്റുന്നു. ബന്ധു നിയമനങ്ങളും അഴിമതിയും നടത്താനുള്ള രാഷ്ട്രീയ നേതാക്കളുടെയും ഉദ്യോഗസ്ഥരുടെയും താല്പര്യങ്ങളാണ് ഇതിന് പിന്നിൽ. ഇപ്പോഴത്തെ ഇടതുമുന്നണി സർക്കാരിന്റെ കാലത്താണ് ഈ ക്രമക്കേട് സർവ സ്ഥാപനങ്ങളിലേയ്ക്ക് പടർന്നു പിടിച്ചത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയല്ലാതെ വിവിധ വകുപ്പുകളിലും പൊതുമേഖല സ്ഥാപനങ്ങളിലും നടന്ന അനധികൃത നിയമനങ്ങളെ കുറിച്ച് സർക്കാർ വിശദ പഠനം നടത്തണമെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാരകമ്മീഷൻ ശുപാർശ ചെയ്തതെങ്കിലും ഫലമൊന്നുമുണ്ടായില്ല.

25 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ എംപ്ലോയ്മെന്റ് എക്സ് ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് ജോലിക്കായി കാത്തിരിക്കുമ്പോഴാണ് പിൻവാതിൽ നിയമനങ്ങൾ തകൃതിയായി നടന്നു കൊണ്ടിരിക്കുന്നത്. പല വകുപ്പുകളും താത്ക്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നില്ല. ഉദ്യോഗസ്ഥ - ഭരണ പരിഷ്കാര വകുപ്പ് പഠനം നടത്തിയ 2022-23 ൽ അധ്യാപക തസ്തികകളും പഞ്ചായത്ത് വകുപ്പിലെ താത്ക്കാലിക കരാർ തസ്തികകളും എംപ്ലോയ്മെന്റിൽ അറിയിച്ചിട്ടില്ല. ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുമാത്രമാണ് അക്കൊല്ലം റിപ്പോർട്ട് ചെയ്തത്.

കമ്മീഷന്റെ മറ്റ് ശുപാർശകൾ: എല്ലാ വകുപ്പുകളിലും സർക്കാർ അർധസർക്കാർ സ്ഥാപനങ്ങളിലും മാസം തോറും സ്ഥിരം, കരാർ, താത്കാലിക ഒഴിവുകൾ അറിക്കാനും നിയമന പരാതികൾ പരിഹരിക്കാനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുക 2) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കുള്ള ഉപദേശക സംവിധാനമാക്കുക. 3) എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകളിലൂടെ ശേഖരിക്കുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ടെക്നോപാർക്കിലെ ഡേറ്റ സെന്ററിൽ സൂക്ഷിക്കുന്നത് സുരക്ഷിത മല്ലാത്തതിനാൽ ഡേറ്റ ബാക്കപ്പിനായി വകുപ്പ് ഡയറക്ടറേറ്റിൽ പുതിയ സെർവർ സ്ഥാപിക്കുക.

1200 തദ്ദേശ സ്ഥാപനങ്ങളിലായി പതിനായിര

**ബന്ധു നിയമനങ്ങളും അഴിമതിയും നടത്താനുള്ള രാഷ്ട്രീയ നേതാക്കളുടെയും ഉദ്യോഗസ്ഥരുടെയും താല്പര്യങ്ങളാണ് ഇതിന് പിന്നിൽ. ഇപ്പോഴത്തെ ഇടതുമുന്നണി സർക്കാരിന്റെ കാലത്താണ് ഈ ക്രമക്കേട് സർവ സ്ഥാപനങ്ങളിലേയ്ക്ക് പടർന്നു പിടിച്ചത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയല്ലാതെ വിവിധ വകുപ്പുകളിലും പൊതുമേഖല സ്ഥാപനങ്ങളിലും നടന്ന അനധികൃത നിയമനങ്ങളെ കുറിച്ച് സർക്കാർ വിശദ പഠനം നടത്തണമെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര കമ്മീഷൻ ശുപാർശ ചെയ്തതെങ്കിലും ഫലമൊന്നുമുണ്ടായില്ല.**

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനങ്ങൾ

**(2021 മേയ് 20 മുതൽ 2024 മേയ് 20 വരെ)**

| | |
|---|---|
| ആരോഗ്യം | - 6972 |
| തദ്ദേശ സ്വയം ഭരണം | - 2783 |
| വാട്ടർ അതോറിറ്റി | - 2037 |
| ഉന്നത വിദ്യാഭ്യാസം | - 1102 |
| സാങ്കേതിക വിദ്യാഭ്യാസം | - 670 |
| പൊതുവിദ്യാഭ്യാസം | - 323 |
| വനം | -150 |
| സഹകരണ ബാങ്കുകൾ | - 177 |
| കെ.എസ്.ആർ.ടി.സി. | - 2 |

നിയമസഭാ രേഖയിൽ നിന്ന്)




ത്തിലധികം ഒഴിവുകൾ ഉണ്ടാകുന്നുണ്ടെങ്കിലും നിയമനം 2783 മാത്രമാണെന്ന് കാണാം.

നിയമനങ്ങൾകകായി പിൻവാതിൽ തുറന്നുകൊടുക്കുന്നവർ നാടിനെയും ഉദ്യോഗാർത്ഥികളെയും വഞ്ചിക്കുകയാണെന്നതിൽ സംശയമില്ല. സർക്കാർ അർധ സർക്കാർ, കമ്പനി, കോർപ്പറേഷൻ, നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടില്ലെങ്കിൽ അവിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനമാത്രമെ നിയമനം നടത്താവൂ എന്നാണ് കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസി ആക്റ്റിൽ (1959) വ്യക്തമാക്കിയിട്ടുള്ളത്. പിൻവാതിലിലൂടെ നിയമിക്കപ്പെടുന്നവരെ പിൻവാതിലിലൂടെ തന്നെ പുറത്താക്കണമെന്ന സുപ്രീം കോടി ഭരണഘടനാ ബഞ്ചിന്റെ വിധി ഉദ്ധരിച്ചും അനുബന്ധ വിധികൾ ചൂണ്ടിക്കാട്ടിയും ഉത്തരവുകളേറെ ഇറങ്ങിയിട്ടുണ്ടെങ്കിലും ഭരണത്തിന്റെ മറവിൽ ഇതെല്ലാം മൂടിവയ്ക്കപ്പെടുകയാണ്.

പിൻവാതിൽ ഇനിയും അടച്ചുപൂട്ടാതിരിക്കുന്നത് യുവകേരളത്തോടുള്ള വെല്ലുവിളിയാണ്. തൊഴിലില്ലാതെ അലയുന്നവരുടെ നെഞ്ചിലെ വിങ്ങലും തേങ്ങലും തിരിച്ചറിയേണ്ട സർക്കാർ സൗകര്യപൂർവ്വം അത് കാണാതെ പോകുന്നത് ഹൃദയശൂന്യതയാണെന്ന് പറഞ്ഞേ തീരൂ... ആരുടെയും ഇടപെടലും സ്വാധീനവും അവകാശപ്പെടാനില്ലാത്ത പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളാണ് അനധികൃത നിയമനങ്ങളിലൂടെ പിന്നോക്കം തള്ളപ്പെടുന്നതെന്ന തിരിച്ചറിവ്വ് രാഷ്ട്രീയ - അധികാര കേന്ദ്രങ്ങൾക്കുണ്ടാകണം സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് സ്ഥിരം നിയമനങ്ങൾ ഇല്ലാതാകുമ്പോൾ പകരമായി നടക്കുന്ന താത്ക്കാലിക നിയമനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ കടമയാണ്. വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി നിയമനം നേടാനുള്ള ശ്രമത്തിനിടെ യുവതി പിടിയിലായ സംഭവമടക്കം സാധ്യമാകുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോലുള്ള സംവിധാനങ്ങൾ അട്ടിമറിക്കപ്പെടുമ്പോഴാണ് . സ്ഥിരം തൊഴിൽ കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ താത്ക്കാലിക നിയമനങ്ങളെങ്കിലും അർഹതയായവർക്ക് ലഭിക്കണ്ടേ? നിതിയും ന്യായവും നടപ്പാക്കുകയല്ലേ ഒരു സർക്കാരിന്റെ കർത്തവ്യം

**ആരുടെയും ഇടപെടലും സ്വാധീനവും അവകാശപ്പെടാനില്ലാത്ത പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളാണ് അനധികൃത നിയമനങ്ങളിലൂടെ പിന്നോക്കം തള്ളപ്പെടുന്നതെന്ന തിരിച്ചറിവ്വ് രാഷ്ട്രീയ - അധികാര കേന്ദ്രങ്ങൾക്കുണ്ടാകണം സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് സ്ഥിരം നിയമനങ്ങൾ ഇല്ലാതാകുമ്പോൾ പകരമായി നടക്കുന്ന താത്ക്കാലിക നിയമനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ കടമയാണ്**